**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **27-07-2021 - ൽ മറുപടിയ്ക്ക്**

**അന്തർ സംസ്ഥാന ഗതാഗത കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്തർ സംസ്ഥാന ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി കേരള സർക്കാർ അന്തർ സംസ്ഥാന ഗതാഗത കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (G.O.(P)No.56/2016/TRAN dated, 30/08/2016) SRO No.659/2016, (G.O.(P)No.01/2019/Trans, dated 05.01.2019)) |
| (ബി) | മേൽപ്പറഞ്ഞ കരാറുകളിൽ സ്വകാര്യ ബസ്സുകൾക്ക് അന്തർ സംസ്ഥാന പാതകളിൽ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | സ്വകാര്യ ബസുകൾക്ക് ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | സ്വകാര്യ ബസ്സുകൾക്ക് ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരമുള്ള നിർദ്ദേശങ്ങൾ അതേപടി നടപ്പിലാക്കുന്ന പക്ഷം കേരളത്തിലെ ഗതാഗതമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. യെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. മാത്രമല്ല സ്വകാര്യ മേഖലയിലുള്ള പ്രാദേശിക സംരംഭങ്ങളായ സ്റ്റേജ് ക്യാരേജുകൾ, മോട്ടോർ ക്യാബുകൾ, കോണ്ട്രാക്ട് ക്യാരേജുകൾ എന്നിവയുടെ നിലനിൽപ്പ് തന്നെ അപകടാവസ്ഥയിലാവുകയും ചെയ്യും. ആയതിനാൽ അഗ്രഗേറ്റർ ലൈസൻസ് വ്യവസ്ഥയിൽ സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിന്നും മാറ്റുന്ന പക്ഷം വൻതോതിലുള്ള റവന്യൂ വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കൂടാതെ നിലവിൽ മോട്ടോർ വാഹന വകുപ്പ് വഴിയുള്ള മേൽനോട്ടമോ, മറ്റ് നിയന്ത്രണ സംവിധാനങ്ങളോ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരിന് ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യം വന്നുചേരും. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ ആക്ഷേപം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുള്ള വാഹനങ്ങളുടെ നികുതി കേന്ദ്രസർക്കാർ സ്വീകരിച്ചശേഷം സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്ന രീതിയിലേക്ക് മാറുന്നതിനായി കേന്ദ്രം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ ഗതാഗത കമ്മീഷണർ കേന്ദ്ര സർക്കാരിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ